LIBRARY ARCHIVES Kerala Legislative Assembly

അട്ടർ കെ. പി. റോഡിലെ പൈപ്പ പൊട്ടൽ

218 (883) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടർ നിയോജകമണ്ഡലത്തിലെ കെ. പി. റോഡിന് വശത്തായി ഉള്ള കാലഹരണപ്പെട്ട ആസ്ബസ്റ്റോസ് സിമെന്റ് പൈപ്പുകൾ നിരന്തരമായി പൊട്ടി പ്പോകുന്നതിനാലുള്ള വിഷമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വളരേ തിരക്കേറിയ പ്രസ്തുത പാതയുടെ വശത്തായുള്ള പൈപ്പുകൾ പൊട്ടി വെള്ളം വളരെ ശക്തമായി ഒഴുകുന്നതുമൂലം റോഡ് കേടായി ഗതാഗതവും കുടിവെള്ള വിതരണവും അടിക്കടി സ്തംഭിക്കുന്നതിനാൽ ആയത് പരിഹരിക്കുന്ന തിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) സമയബന്ധിതമായി പഴയ എ. സി. പൈപ്പുകൾ മാറ്റി ഡക്ടയിൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനുവേണ്ട അടിയന്തിര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) കായംകുളം-പുനലൂർ റോഡിൽ ഏഴംകുളം മുതൽ അട്ടർ ഹൈസ്കൂൾ ജംഗ്ഷൻ വരെ റോഡിന്റെ ഇരുവശത്തും സ്ഥാപിച്ചിട്ടുള്ള കാലഹരണപ്പെട്ട എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് രണ്ട് പ്രവൃത്തികളിലായി 810.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ശുദ്ധജലവിതരണ പദ്ധതികൾ

219 (884) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് കടുത്ത വരൾച്ചയുണ്ടാകുമെന്ന് കാലാവസ്ഥ മുന്നറിയിപ്പ് ഉണ്ടായിരുന്നിട്ടും ഗ്രാമീണ ശുദ്ധജല പദ്ധതികൾ ഉൾപ്പെടെയുള്ള